**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.197

**12.01.2021**-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ റൂൾ 28 (bbb)

| | ചോദ്യം<br>ശ്രീ. ടി.എ. അഹമ്മദ് കബീർ | | ഉത്തരം<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ റൂൾ 28 (bbb) എന്ന മാനദണ്ഡം എന്ന് മുതലാണ് പ്രാബല്യത്തിൽ വന്നതെന്നും പ്രസ്തുത റൂളിലെ മാനദണ്ഡം ഏത് തീയതി മുതലാണ് സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിൽ പാലിക്കേണ്ടതെന്നും വ്യക്തമാക്കാമോ; | (എ) | 10/12/1984-ലെ G.O. (P) No. 447/84/GAD ഉത്തരവ് പ്രകാരമാണ് (SRO No. 261/85 ഗസറ്റ് തീയതി 26/02/1985) 20/04/1959 പ്രാബല്യത്തിൽ ടി ചട്ടം നിലവിൽ വന്നത്. |
| (ബി) | കെ.എസ്. ആന്റ് എസ്.എസ്.ആർ. റൂൾ 28 (bbb) പ്രകാരം ഒരു ജൂനിയറായ ഉദ്യോഗസ്ഥൻ വകുപ്പുതല പരീക്ഷകൾ വിജയിച്ച് ഉദ്യോഗക്കയറ്റം കിട്ടാതെ നിൽക്കുമ്പോൾ അദ്ദേഹത്തെ മറികടക്കുവാനായി വകുപ്പുതല പരീക്ഷയുടെ അവസാന തീയതി പരിഗണിച്ച് സീനിയറായ ഉദ്യോഗസ്ഥന് ഉദ്യോഗക്കയറ്റം നൽകാമോ; | (ബി) | ജോലിയുടെ സ്വഭാവത്തിന് മാറ്റമുണ്ടാവാതിരിക്കുകയും ടെസ്റ്റ് യോഗ്യത നേടിയവരുടെ അഭാവത്തിൽ ഒഴിവുകൾ നികത്തപ്പെടാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ചട്ടം 28 (bbb) യുടെ ആനുകൂല്യം അനുവദിച്ചുകൊണ്ട് സീനിയറിന് സ്ഥാനക്കയറ്റം അനുവദിക്കാൻ കഴിയൂ. |
| (സി) | ഇത്തരം സന്ദർഭങ്ങളിൽ സീനിയറായ ഉദ്യോഗസ്ഥന് വകുപ്പുതല പരീക്ഷയുടെ | (സി) | മേൽ സാഹചര്യങ്ങൾ ഒരുമിച്ച് ഉണ്ടാകാത്ത ഘട്ടത്തിൽ പരീക്ഷയുടെ |

| | | | |
|---|---|---|---|
| | റിസൾട്ട് പ്രസിദ്ധീകരിച്ച തീയതിയാണോ പരിഗണിക്കേണ്ടത് അതോ വകുപ്പുതല പരീക്ഷയുടെ അവസാന തീയതിയാണോ സ്ഥാനക്കയറ്റത്തിന് പരിഗണിക്കേണ്ട തെന്ന് വ്യക്തമാക്കാമോ; | | റിസൾട്ട് പ്രസിദ്ധീകരിക്കുന്ന തീയതി അടിസ്ഥാനമാക്കിയാണ് സ്ഥാനക്കയറ്റത്തിന് പരിഗണിക്കുന്നത്. |
| (ഡി) | കെ.എസ്. ആന്റ് എസ്.എസ്.ആർ. ബാധകമായിട്ടുള്ള എല്ലാ സർക്കാർ വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും സ്ഥാനക്കയറ്റം സംബന്ധമായ വിഷയങ്ങളിൽ റൂൾ 28 (bbb) എന്ന മാനദണ്ഡം കൃത്യമായി പാലിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമോ എന്നറിയിക്കാമോ? | (ഡി) | ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് 10/03/2014-ലെ 524/R1/2014/P&ARD സർക്കുലർ പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ